**<u>15 -ാം കേരള നിയമസഭ</u>**

**<u>16 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2322</u>** **<u>05-02-2026 - ൽ മറുപടിയ്ക്ക്</u>**

**<u>മാലിന്യ നിർമ്മാർജ്ജനത്തിന് നൂതന ആശയം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ നടപ്പിലാക്കിയ നൂതന ആശയങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (എ) | ക്ലൈമറ്റ് റെസിലിയൻസിലും സർക്കുലർ ഇക്കോണോമയിലും അധിഷ്ഠിതമായ വികേന്ദ്രീകൃതവും സംയോജിതവുമായ മാലിന്യ പരിപാലന രീതിയാണ് സംസ്ഥാനം പിന്തുടരുന്നത്. ഇത്തരമൊരു സമഗ്ര പദ്ധതിയാണ് കേരളത്തിലെ മാലിന്യ പരിപാലന സംവിധാനം.<br><br>ജൈവ മാലിന്യം കമ്പോസ്റ്റ്, ബയോ ഗ്യാസ് എന്നിവയ്ക്ക് പുറമെ വിവിധ മൂല്യ വർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്നു. ഇതിനായി വീടുകളിലും സ്ഥാപനങ്ങളിലും വിവിധ തരം കമ്പോസ്റ്റിംഗ് ഉപാധികളും ബയോ ഗ്യാസ് പ്ലാന്റുകളും ഉപയോഗിക്കുന്നു. സാമൂഹിക തലത്തിൽ തുമ്പൂർമുഴി യൂണിറ്റുകൾ, വലിയ ബയോ ഗ്യാസ് പ്ലാന്റുകൾ, ബ്ലാക്ക് സോൾഡിയർ ഫ്ളൈ തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിച്ച് ജൈവ മാലിന്യം സംസ്കരിക്കപ്പെടുന്നു. ബയോ സി.എൻ.ജി പോലെ വ്യാവസായിക അടിസ്ഥാനത്തിൽ ജൈവ മാലിന്യം മൂല്യ വർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്ന വലിയ പദ്ധതികളുമുണ്ട്. മൽസ്യ മാലിന്യം, ചിക്കൻ മാലിന്യം എന്നിവ സംസ്കരിച്ച് മൃഗങ്ങൾക്കും മൽസ്യങ്ങൾക്കുമുള്ള ആഹാരമാക്കി മാറ്റുന്ന സംരംഭങ്ങളും സംസ്ഥാനത്തുണ്ട്. ഇത്തരത്തിലൊക്കെ പൂർണ്ണ വിഭവം വീണ്ടെടുക്കുന്ന തരത്തിലാണ് കേരളത്തിലെ ജൈവ മാലിന്യ പരിപാലന രീതി.<br><br>**ഉറവിട തരം തിരിവിലാണ് അജൈവ മാലിന്യ പരിപാലനം ആരംഭിക്കുന്നത്. ഉറവിടത്തിൽ തരം തിരിക്കുന്ന മാലിന്യം ഹരിതകർമ്മ സേന വീടുകളിൽ എത്തി ശേഖരിച്ച ശേഷം അവ മിനി എം.സി.എഫ് ലേക്കും അവിടെ നിന്നും എം.സി.എഫ് ലേക്കും തുടർന്ന് ആർ.ആർ.എഫ് ലേക്കും കൈമാറ്റം ചെയ്ത ശേഷം പുനഃചംക്രമണത്തിനായി അംഗീകൃത ഏജൻസികൾക്ക്** |

**കൈമാറുന്നു. സർക്കാരിന്റെ തന്നെ ക്ലീൻ കേരള കമ്പനിയാണ് സംസ്ഥാനത്തെ ഈ മേഖലയിലെ വലിയ അംഗീകൃത ഏജൻസി. പുനഃചംക്രമണ സാധ്യമല്ലാത്ത മാലിന്യം സിമന്റ് ഫാക്ടറികളിൽ ആർ.ഡി.എഫ് ഇന്ധനമായി ഉപയോഗിക്കാനായി കൈമാറുന്നു ഇത്തരത്തിൽ അജൈവ മാലിന്യ പരിപാലനത്തിനായി സമഗ്രമായൊരു പരിപാലന ശൃംഖല സംസ്ഥാനത്തുണ്ട്.**

ഖര മാലിന്യ പരിപാലന നിയമം 2016 പ്രകാരം സാനിറ്ററി മാലിന്യങ്ങൾ ജൈവമാലിന്യങ്ങളോടൊപ്പമോ മറ്റ് അജൈവ മാലിന്യങ്ങൾക്കൊപ്പമോ കൂട്ടി കലർത്താതെ ഉറവിടത്തിൽ തന്നെ വേർതിരിച്ച് ശേഖരിക്കേണ്ടതാണ്. അത്തരത്തിൽ ശാസ്ത്രീയമായി സാനിറ്ററി മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിന് സംസ്ഥാനത്ത് നിലവിൽ തൃശ്ശൂർ കോർപറേഷൻ, വർക്കല നഗരസഭ, പാലക്കാട് നഗരസഭ, എളവള്ളി ഗ്രാമ പഞ്ചായത്ത്, കൊരട്ടി ഗ്രാമപ്പഞ്ചായത്ത് എന്നീ തദ്ദേശ സ്ഥാപനങ്ങളിൽ സാനിറ്ററി ഇൻസിനറേറ്റർ പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്.

**ശാസ്ത്രീയ മാലിന്യ പരിപാലത്തിന് ജനങ്ങൾക്കിടയിൽ സ്വീകാര്യത ഉറപ്പിക്കുന്നതിനായി 2023 മുതൽ മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ സംസ്ഥാന സർക്കാർ ആരംഭിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, കേരള ഖര മാലിന്യ പരിപാലന പദ്ധതി (KSWMP), ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്നിവയെല്ലാം ഏകോപിപ്പിച്ചാണ് തദ്ദേശ സ്വയംഭരണ വകുപ്പ് ഈ ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്. കുട്ടികളെയും മുതിർന്ന ആളുകളെയും ഉൾപ്പെടുത്തിയുള്ള വിവിധ തരം ബഹുജന വിദ്യാഭ്യാസ പരിപാടികൾ നടത്തി. ഇതിനു പുറമെ വിവിധ വകുപ്പുകളുടെ പ്രവർത്തന മേഖലയിൽ ഉണ്ടാകുന്ന മാലിന്യത്തിന്റെ പരിപാലനം അതാത് വകുപ്പുകൾ തന്നെ ഏറ്റെടുത്ത് നടത്തുന്ന രീതിയിൽ വകുപ്പുകളുടെ പ്രവർത്തനത്തിൽ മാലിന്യ പരിപാലനം ഉൾപ്പെടുത്തുന്നതിനുള്ള ശക്തമായ ഇടപെടലുകളും ഈ കാലയളവിൽ ആരംഭിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നാഷണൽ സർവ്വീസ് സ്കീമിന്റെയും നേതൃത്വത്തിൽ സ്നേഹാരാമം എന്ന പദ്ധതി, ഇക്കോ സെൻസ് സ്കോളർഷിപ്പ്, കെ.എസ്.ആർ.റ്റി.സി.യുടെ നേതൃത്വത്തിൽ നടക്കുന്ന വിവിധ പദ്ധതികൾ ഇവയെല്ലാം ഇതിന് ഉദാഹരണമാണ്.**

| | | | |
|---|---|---|---|
| | | | മാലിന്യ ഉത്പാദനം കുറയ്ക്കുന്നതിനായി ഹരിതചട്ട പാലനം, ബദൽ ഉത്പന്നങ്ങളുടെ പ്രചാരണം എന്നിവയ്ക്കൊപ്പം വിവിധതരം വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും നടത്തിവരുന്നു. മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന നിയമ ലംഘനങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികളും സ്വീകരിക്കുന്നു. അതിനായി പ്രത്യേക എൻഫോഴ്സ്മെന്റ് സ്കോഡുകൾ ജില്ലാ തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും രൂപീകരിച്ച് പ്രവർത്തിക്കുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് , 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് എന്നിവയിൽ മാലിന്യ പരിപാലനം ശക്തമായി നടക്കാൻ സഹായിക്കുന്ന തരത്തിൽ മാറ്റം വരുത്തി. ഇതിനു പുറമെ പൊതു ജനങ്ങൾക്ക് നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനായി സിംഗിൾ വാട്ട്സ് ആപ്പ് നമ്പറും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ